REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ആഴക്കടൽ ഖനന നടപടികൾ ആരംഭിക്കുന്നതിനു മുമ്പ് നിയമാനുസൃത അനുമതികളും നിരാക്ഷേപ പത്രങ്ങളും വാങ്ങിയിരിക്കണമെന്ന് കേന്ദ്രമന്ത്രി G കിഷൻ റെഡ്ഡി.**
- **പകർച്ചവ്യാധി പ്രതിരോധത്തിന് പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കുമെന്ന് മന്ത്രി വീണാ ജോർജ്.**
- **ഇന്ന് ഓശാന ഞായർ.**
- **നാളെ വിഷു. വരവേൽക്കാൻ നാടും നഗരവും ഒരുങ്ങി.**
- **മോഹൻ ബഗാൻ സൂപ്പർ ജയന്റ്സിന് ISL ഫുട്ബോൾ കിരീടം.**

## വാർത്തകൾ വിശദമായി

കാലഘട്ടത്തിനനുസരിച്ച് നവീകരണത്തിലൂടെ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലെ ഹബ്ബാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊയിലാണ്ടി S.A.R.B.T.M ഗവൺമെന്റ് കോളേജ് സുവർണ ജൂബിലി ആഘോഷങ്ങളും പുതുതായി നിർമ്മിച്ച അക്കാദമിക് ബ്ലോക്കും ഹോസ്റ്റലും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഡെസ്ക് റിപ്പോർട്ട്

.....വോയ്സ്........

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടു വരാൻ ഗവൺമെന്റ് നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി.

നാടിനെ വൈജ്ഞാനിക, നൂതന സമൂഹമാക്കി പരിവർത്തിപ്പിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. യുവ തലമുറ ആഗ്രഹിക്കുന്ന ലോകോത്തര കോഴ്സുകൾ പഠിക്കാനും അതിനനുസൃതമായ തൊഴിലുകൾ ലഭിക്കാനും അവസരം ഇവിടെത്തന്നെ ലഭിക്കണം. അതിന് സൗകര്യങ്ങളും അവസരങ്ങളും സൃഷ്ടിക്കുക എന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

പുതിയ തലമുറയേയും സമൂഹത്തിന്റെ ഭാവിയേയും നശിപ്പിക്കുന്ന ലഹരി വിപത്തിനെതിരെ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. അധ്യാപക വിദ്യാർത്ഥി സംഘടനകളും NSS തുടങ്ങിയ വിദ്യാർത്ഥി കൂട്ടായ്മകളും യോജിച്ച പ്രവർത്തനത്തിലൂടെ ലഹരിയെ തുരത്തണമെന്നും ഇവർക്ക് ഗവൺമെന്റ് പിന്തുണ ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ മക്രേരി സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ സോപാന സംഗീത മ്യൂസിയവും ഊട്ടുപുരയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. തുടർന്ന് പിണറായി കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ സംസ്ഥാനത്തെ ആദ്യത്തെ അതിദാരിദ്ര്യ മുക്ത നിയമസഭാ മണ്ഡലമായി ധർമ്മടത്തെ പ്രഖ്യാപിക്കും.

വൈകീട്ട് പാനുണ്ടയിൽ വിവിധ റോഡുകൾ ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം കൂത്തുപറമ്പ് സഹകരണ റൂറൽ ബാങ്ക് ഓഡിറ്റോറിയം കോംപ്ലക്സും ഉദ്ഘാടനം ചെയ്യും. രാത്രി ഏഴിന് പിണറായി പെരുമയുടെ സമാപന സമ്മേളനവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

ആഴക്കടൽ ഖനന നടപടികൾ ആരംഭിക്കുന്നതിനു മുമ്പ് ടെണ്ടർ എടുക്കുന്നവർ നിയമാനുസൃത അനുമതികളും നിരാക്ഷേപ പത്രങ്ങളും ബന്ധപ്പെട്ട എല്ലാ അധികാര സ്ഥാനങ്ങളിൽ നിന്നും വാങ്ങിയിരിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി G കിഷൻ റെഡ്ഡി N.K.പ്രേമചന്ദ്രൻ MP യെ അറിയിച്ചു. ആഴക്കടൽ ഖനനം പിൻവലിക്കണമെന്നും കൊല്ലം പരപ്പ് സംരക്ഷിക്കണമെന്നും ലോകസഭയിൽ ശൂന്യവേളയിൽ ഉന്നയിച്ച സബ്മിഷന് രേഖാമൂലം മറുപടി നൽകുകയായിരുന്നു മന്ത്രി.

ഖനനം ആരംഭിക്കുന്നതിനു മുമ്പ് പര്യവേഷണത്തിനും ഉൽപ്പാദനത്തിനും മത്സ്യതൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കാൻ മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. പരിസ്ഥിതി സംരക്ഷണത്തിനും പരിസ്ഥിതി ആഘാത ലഘൂകരണത്തിനും പഠനത്തിനും ആവശ്യമായ അടിസ്ഥാന വിവരങ്ങളും നടപടികളും സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

രാഷ്ട്രപതിയുടെ അനുമതിക്കായി ഗവർണർമാർ അയക്കുന്ന ബില്ലുകൾക്ക് മൂന്ന് മാസത്തിനകം അംഗീകാരം നൽകണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടു. ജസ്റ്റിസുമാരായ J B പർദിവാല, മഹാദേവൻ എന്നിവരടങ്ങിയ ബഞ്ചിന്റേതാണ് ഉത്തരവ്. കാലതാമസം നേരിടുകയാണെങ്കിൽ ആ വിവരം സംസ്ഥാനങ്ങളെ അറിയിക്കണമെന്നും കോടതി ഉത്തരവിട്ടു. ഗവർണർമാർ രാഷ്ട്രപതിക്ക് അയക്കുന്ന ബില്ലുകളിന്മേൽ തീരുമാനമെടുക്കുന്നത് മൂന്ന് മാസത്തിലധികം വൈകരുതെന്നും കോടതി നിർദേശിച്ചു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ സംസ്ഥാനങ്ങൾക്ക് കോടതിയെ സമീപിക്കാമെന്നും സുപ്രീം കോടതി വ്യക്തമാക്കി.

✪✪✪

രാജ്യത്തെ ഏറ്റവും വലിയ നിർമ്മാണ സാമഗ്രി എക്സ്പോ വൈബ്രന്റ് ബിൽഡ്കോൺ 2025 ന്യൂഡൽഹിയിലെ യശോഭൂമി കൺവെൻഷൻ സെന്ററിൽ കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ ഇന്ന് ഉദ്ഘാടനം ചെയ്യും. കാപെക്സിലിന്റെയും വാണിജ്യ മന്ത്രാലയത്തിന്റെയും സഹകരണത്തോടെ ബ്ലൂസോൺ ആണ് പരിപാടി സംഘടിപ്പിക്കുന്നത്.

27,000 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ തയാറാക്കിയ എക്സ്പോയിൽ 250 ലധികം സ്റ്റാളുകളുണ്ട്. അമേരിക്ക, മെക്സിക്കോ, ബ്രസീൽ, UK, സ്പെയിൻ, UAE തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്ന് 700ൽ അധികം കമ്പനികളും 50,000 ലധികം ആഭ്യന്തര സന്ദർശകരും എക്സ്പോയ്ക്ക് എത്തിച്ചേരും.

✪✪✪

പകർച്ചവ്യാധി പ്രതിരോധത്തിന് തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രാദേശിക പ്രതിരോധ കർമ്മ പദ്ധതി തയ്യാറാക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. വടകര വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ഡോ. KB മേനോൻ സ്മാരക കുടുംബാരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പകർച്ചവ്യാധി പ്രതിരോധ കർമ്മ പദ്ധതി ഈ മാസം 30നകം ഓരോ ഗ്രാമപഞ്ചായത്തിലും തയ്യാറാക്കും. പകർച്ചവ്യാധികളെ വലിയതോതിൽ കുറയ്ക്കാൻ പദ്ധതി സഹായിക്കുമെന്നും മന്ത്രി പറഞ്ഞു. ഒരു കോടിയിലധികം രൂപ ചെലവഴിച്ചാണ് ആശുപത്രിക്ക് കെട്ടിടം നിർമ്മിച്ചത്.

✪✪✪

സാഹസിക വിനോദ സഞ്ചാര മേഖലയിൽ സംസ്ഥാനത്ത് പരമാവധി സാധ്യതകൾ യാഥാർഥ്യമാക്കാനാണ് ഗവൺമെന്റിന്റെ ശ്രമമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. ഫറോക്ക് ചാലിയാറിൽ റിവർ വേൾഡ് അഡ്വെഞ്ചർ പാർക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സാഹസിക വിനോദസഞ്ചാരം ആഗോളതലത്തിൽ ശ്രദ്ധ ആകർഷിക്കുന്ന ഘട്ടമാണിത്. വിദേശ രാജ്യങ്ങളിൽ കാണുന്ന വിവിധ സാഹസിക വിനോദങ്ങൾ സാധ്യമാക്കുന്ന ഇടപെടലുകൾ വിനോദ സഞ്ചാരവകുപ്പിന്റെ കീഴിൽ നടത്തി വരികയാണെന്നും മുഹമ്മദ് റിയാസ് പറഞ്ഞു.

✪✪✪

കാസർഗോഡ് ചീമേനി ഗവ. ഹയ ർസെക്കണ്ടറി സ്കൂളിൽ നിർമ്മിച്ച പുതിയ കെട്ടിടം നിയമസഭാ സ്പീക്കർ AN ഷംസീർ നാടിന് സമർപ്പിച്ചു. 2016-ന് ശേഷം ഒൻപതു വർഷം തികയുമ്പോൾ കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗം ഗണ്യമായ പുരോഗതി കൈവരിച്ചതായി സ്പീക്കർ പറഞ്ഞു. മികച്ച കെട്ടിടങ്ങൾ, ഹൈടെക് ക്ലാസ് മുറികൾ, ഉന്നത അക്കാദമിക് അന്തരീക്ഷം എന്നിവ പൊതുവിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

ഈ വർഷം അവസാനത്തോടെ ഇന്ത്യയും യൂറോപ്യൻ യൂണിയനും സ്വതന്ത്ര വ്യാപാര ഉടമ്പടിയ്ക്കായി ശ്രമിക്കുമെന്ന് ഇന്ത്യയിലെയും ഭൂട്ടാനിലെയും ജർമ്മൻ അംബാസഡർ ഫിലിപ്പ് ആക്കർമാൻ പറഞ്ഞു. ന്യൂഡൽഹിയിൽ 9-ാമത് കാർനെഗി ഗ്ലോബൽ ടെക് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോള, സ്വതന്ത്ര വ്യാപാരത്തെ പിന്തുണയ്ക്കാൻ സമാന ചിന്താഗതിക്കാരായ രാജ്യങ്ങൾ തമ്മിലെ  സഹകരണത്തിന്റെ പ്രാധാന്യം അദ്ദേഹം  എടുത്തു പറഞ്ഞു.

✪✪✪

ഇന്ന് ഓശാന ഞായർ. യേശുക്രിസ്തുവിന്റെ ജറുസലേം പ്രവേശനത്തിന്റെ സ്മരണകളിൽ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും, കുരുത്തോല പ്രദക്ഷിണവും നടക്കും.

✪✪✪

തലശ്ശേരി സെൻറ് ജോസഫ് കത്തീഡ്രലിൽ ഓശാന തിരുനാൾ ആഘോഷം അല്പസമയത്തിനകം ആരംഭിക്കും. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാമ്പ്ലാനി മുഖ്യ കാർമികത്വം വഹിക്കും.

✪✪✪

കാർഷികോത്സവമായ വിഷുവിനെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങി. നാളെ മേടമാസം പുലരുമ്പോൾ മലയാളികൾ കണികണ്ടുണരും. വിഷുവിന് കണി ഒരുക്കാൻ അവസാനവട്ട തയ്യാറെടുപ്പിലാണ് എല്ലാവരും.

ന്യൂസ് ഡെസ്ക് തയ്യാറാക്കിയ റിപ്പോർട്ട്.

........വോയ്സ്........

കണിയൊരുക്കാൻ ആവശ്യമായ കണി വെള്ളരി, ചക്ക, മാങ്ങ, സ്വർണ്ണം, നാണയങ്ങൾ, കണ്ണാടി, കണിക്കൊന്ന തുടങ്ങിയവ വാങ്ങുന്നതിന് വിപണികളിൽ ഇന്ന് നല്ല തിരക്ക് അനുഭവപ്പെടും. വിഷുക്കോടിയുടുത്ത് കൃഷ്ണ വിഗ്രഹത്തിന് മുന്നിൽ അലങ്കാരങ്ങളോടെ കണി ഒരുക്കി, വിഭവസമൃദ്ധമായ സദ്യ തയ്യാറാക്കി വിഷു ആഘോഷത്തിൽ പങ്കുകൊള്ളാൻ തയ്യാറാവുകയാണ് എല്ലാവരും. മുതിർന്നവർ പുതുതലമുറയ്ക്ക് വിഷുക്കൈനീട്ടം നൽകുന്നതും വിഷുവിന്റെ പതിവാണ്. പടക്കം പൊട്ടിച്ചും വീടുകളും കൃഷിയിടങ്ങളും വൃത്തിയാക്കിയും വിഷുവിനെ വരവേൽക്കാൻ നാട് സജ്ജമായി.

ക്ഷേത്രങ്ങളിൽ വിഷുവിന് പ്രത്യേക പൂജകളും ചടങ്ങുകളും ഉണ്ടാകും. ഗുരുവായൂർ, ശബരിമല തുടങ്ങിയ പ്രധാന ക്ഷേത്രങ്ങളിൽ വലിയ ഭക്തജന തിരക്കായിരിക്കും.

ഗുരുവായൂർ ക്ഷേത്രത്തിൽ വിഷുക്കണി ദർശനം നാളെ പുലർച്ചെ 2.45 മുതൽ 3.45 വരെ ആയിരിക്കുമെന്ന് ദേവസ്വം അറിയിച്ചു.

വിഷുദിനത്തിൽ പുലർച്ചെ നാലിന് ശബരിമല നടതുറക്കും. നാല് മുതൽ 7 വരെ ഭക്തർക്ക് വിഷുക്കണി കണ്ട് ദർശനം നടത്താം.

✪✪✪

സപ്ലൈകോയുടെ വിഷു - ഈസ്റ്റർ ഫെയറുകളും സൂപ്പർ മാർക്കറ്റുകളും ഇന്ന് തുറന്നു പ്രവർത്തിക്കും. മാവേലി സ്റ്റോറുകൾ പ്രവർത്തിക്കില്ല. വിഷു ദിവസമായ നാളെ ഫെയറുകൾക്കും സപ്ലൈകോ വില്പനശാലകൾക്കും അവധിയായിരിക്കും.

✪✪✪

കൊൽക്കത്തയിൽ ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ്സിന് കിരീടം. അധിക സമയത്തിലേക്ക് നീണ്ട കലാശപ്പോരാട്ടത്തിൽ ബംഗലൂരു FC-യെ ഒന്നിനെതിരെ രണ്ട് ഗോളിന് തോൽപ്പിച്ചാണ് ബഗാൻ കിരീടം നേടിയത്.

✪✪✪

ലക്നോവിൽ IPL ക്രിക്കറ്റിൽ ലഖ്നൊ സൂപ്പർ ജയന്റ്സ് ഗുജറാത്ത് ടൈറ്റൻസിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു. ഗുജറാത്ത് ടൈറ്റൻസ് നിശ്ചിത 20 ഓവറിൽ അഞ്ച് വിക്കറ്റിന് 180 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ സൂപ്പർ ജയന്റ്സ് മൂന്ന് പന്ത് ശേഷിക്കെ 186 റൺസെടുത്ത് ലക്ഷ്യം മറികടന്നു.

IPL-ൽ ഇന്ന് രണ്ട് മത്സരങ്ങൾ നടക്കും. ഉച്ചകഴിഞ്ഞ് 3.30ന് ജയ്പൂരിൽ രാജസ്ഥാൻ റോയൽസ്, റോയൽ ചാലഞ്ചേഴ്സ് ബംഗളൂരുവിനെയും വൈകീട്ട് 7.30ന് ഡൽഹിയിൽ, മുംബൈ ഇന്ത്യൻസ് ഡൽഹി ക്യാപിറ്റൽസിനെയും നേരിടും.

✪✪✪

കണ്ണൂർ അഴീക്കോട് ചാൽ ബീച്ചിന് അന്താരാഷ്ട്ര അംഗീകാരമായി ലഭിച്ച ബ്ലൂ ഫ്ളാഗ് വൈകീട്ട് മന്ത്രി PA മുഹമ്മദ് റിയാസ് ബീച്ചിൽ ഉയർത്തും. കേരളത്തിൽ കാപ്പാട് ബീച്ചിന് മാത്രമാണ് ഇതിന് മുൻപ് ഈ നേട്ടം ലഭിച്ചത്.

പരിസ്ഥിതി സൗഹൃദവും സുരക്ഷിതവുമായ ടൂറിസം വികസനത്തിന് ലഭിക്കുന്ന അന്താരാഷ്ട്ര അംഗീകാരമാണ് ബ്ലൂ ഫ്ളാഗ്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ...

(.....വോയ്സ്.....)

പരിസ്ഥിതി സൗഹൃദവും സുരക്ഷിതവുമായ ടൂറിസം വികസനത്തിന് ലഭിക്കുന്ന അന്താരാഷ്ട്ര അംഗീകാരമാണ് ബ്ലൂ ഫ്ളാഗ്. ഡെൻമാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫൗണ്ടേഷൻ ഫോർ എൻവയോൺമെന്റൽ എജുക്കേഷനാണ് ബ്ലൂ ഫാളാഗ് അംഗീകാരം നൽകുന്നത്. രാജ്യത്ത് 13 ബീച്ചുകളാണ് ഇത്തവണ ബ്ലൂ ഫ്ളാഗ് അംഗീകാരം നേടിയത്. വാട്ടർ എ ടി എം, ബട്ടർഫ്ളൈ പാർക്ക്, കടലാമ പ്രജനന കേന്ദ്രം, ഹെർബൽ ഗാർഡനും ചാൽ ബീച്ചിനെ ആകർഷകമാക്കുന്നു. സഞ്ചാരികൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ രണ്ട് വാട്ടർ കിയോസ്ക്കുകളും ബീച്ചിൽ സ്ഥാപിച്ചിട്ടുണ്ട്. ബീച്ചിലെത്തുന്നവർക്ക് ഒരുക്കിയ സൌകര്യങ്ങളെക്കുറിച്ചറിയുന്നതിന് ക്യു.ആർ കോഡും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. ബ്ലൂ ഫ്ളാഗ് ഉയർത്തുന്ന ചടങ്ങിൽ കെ.വി.സുമേഷ് എം.എൽ എ. അധ്യക്ഷനാകും

✪✪✪

നാടിന്റെ സാഹോദര്യവും സമാധാനവും തകർക്കുന്ന ശ്രമങ്ങളെ യുവത്വം കരുതിയിരിക്കണമെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. യൂത്ത് ലീഗ് സംസ്ഥാന കൗൺസിൽ

കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യുവ സമൂഹത്തിന്റെ ഇടപെടലുകളെ പൊതുസമൂഹം പ്രതീക്ഷയോടെ കാണുന്നത്. അരാജകത്വത്തിനും അരാഷ്ട്രീയ വാദത്തിനും എതിരെ യുവസമൂഹം ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

മുസ്ലിം ലീഗ് അഖിലേന്ത്യ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി മുഖ്യ പ്രഭാഷണം നടത്തി.

✪✪✪

സുന്നി യുവജന സംഘം സംസ്ഥാന പ്രസിഡന്റായി ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരിയെയും ജനറൽ സെക്രട്ടറിയായി റഹ്മതുല്ല സഖാഫി എളമരത്തെയും തിരഞ്ഞെടുത്തു. M മുഹമ്മദ് സ്വാദിഖ് വെളിമുക്കാണ് ഫിനാൻസ് സെക്രട്ടറി.

രണ്ട് ദിനങ്ങളിലായി മലപ്പുറം മഅദിൻ അക്കാദമിയിൽ നടന്ന S.Y.S കേരള യൂത്ത് കൗൺസിലിലാണ് ഭാരവാഹികളെ തിരഞ്ഞെടുത്തത്.

✪✪✪

പ്രവാസികളിലൂടെ കേരളത്തിന്റെ വേറിട്ട സംസ്കാരം മലയാളി ജീവിക്കുന്ന എല്ലാ സ്ഥലത്തും എത്തുന്നുണ്ടെന്ന് ശശി തരൂർ എം.പി പറഞ്ഞു. ജില്ലാ കോൺഗ്രസ് കമ്മിറ്റി കോഴിക്കാട്ട് സംഘടിപ്പിച്ച പ്രവാസി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാംസ്കാരിക വിനിമയത്തിന്റെ അംബാസിഡർമാരായി മലയാളികൾ പ്രവർത്തിക്കുകയാണെന്നും ശശി തരൂർ പറഞ്ഞു.

✪✪✪

പാലക്കാട് മുൻസിപ്പാലിറ്റിയിലേക്ക് നടന്ന മാർച്ചുമായി ബന്ധപ്പെട്ട് രാഹുൽ മാങ്കൂട്ടത്തിൽ MLA-ക്കെതിരെയും യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെയും പൊലീസ് കേസെടുത്തു.

നഗരസഭയിലെ ബൗദ്ധിക ഭിന്നശേഷി നൈപുണ്യ വികസന കേന്ദ്രത്തിന് RSS നേതാവ് ഹെഡ്ഗെവാറിന്റെ പേര് നൽകിയതിൽ പ്രതിഷേധിച്ചായിരുന്നു യൂത്ത് കോൺഗ്രസ് മാർച്ച്. നടപടി ആവശ്യപ്പെട്ട് BJP പരാതി നൽകിയിരുന്നു.

✪✪✪

*News Editor: വി കെ സുരേഷ്,*
*News Reader : സയ്യിദ് അലി ശിഹാബ് തങ്ങൾ*
*News Team: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*